(ഇ) വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## റാന്നിയിൽ റവന്യൂ ഡിവിഷൻ

72 (2869) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിസ്തൃതിയും തീർത്ഥാടനപരമായ പ്രാധാന്യവും പരിഗണിച്ച് റാന്നിയിൽ ഒരു റവന്യൂ ഡിവിഷൻ അനുവദിക്കുന്നതിനും ചിറ്റാർ വില്ലേജ് വിഭജിക്കാനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

റവന്യൂ യൂണിറ്റുകളുടെ പുനഃസംഘടന സംബന്ധിച്ച് ഗവൺമെന്റ് അന്തിമ തീരുമാനമെടുത്തിട്ടില്ല. തീരുമാനമെടുക്കുമ്പോൾ ഇക്കാര്യവും പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## റവന്യൂ ബോർഡിന് പകരം സംവിധാനം

73 (2870) ശ്രീ. ടി.എം. ജേക്കബ് :
ശ്രീമതി കെ.ആർ. ഗൗരിയമ്മ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂബോർഡിന് പകരമായി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം കൂടുതൽ ഫലപ്രദമാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

### ഉത്തരം

റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി റവന്യൂ ബോർഡ് നിർത്തലാക്കുകയും കമ്മീഷണർമാരെ നിയമിക്കുകയും റവന്യൂ ബോർഡംഗങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം കമ്മീഷണർമാർക്ക് നൽകുകയും ചെയ്തുകൊണ്ടുള്ള സംവിധാനം വളരെയേറെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പല അധികാരങ്ങളും താഴെ തലങ്ങളിലേക്കു നൽകി റവന്യൂ ഭരണം കൂടുതൽ ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടുണ്ട്. വില്ലേജാഫീസ് മുതൽ സെക്രട്ടേറിയറ്റുവരെയുള്ള ഓഫീസുകളെ വിപുലമായ കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിച്ച് റവന്യൂവകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## പ്ലാന്റേഷൻ ടാക്സ്

74 (2871) ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ഓരോ വർഷവും പ്ലാന്റേഷൻ ടാക്സ് ഇനത്തിൽ എന്തു തുക വീതം പിരിച്ചെടുക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എന്തു തുക വീതം ഓരോ വർഷവും പിരിച്ചെടുത്തു;

(സി) പിരിച്ചെടുത്ത തുകയിൽ പ്രതീക്ഷിച്ച തുകയെക്കാൾ കുറവ് വന്നിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) 1996-97-ലെ ബഡ്ജറ്റുലക്ഷ്യം 400 ലക്ഷം രൂപയും, 1997-98ലും 1998-99-ലും ബഡ്ജറ്റു ലക്ഷ്യം 375 ലക്ഷം രൂപവീതവും ആയിരുന്നു. 1999 -2000-ൽ 400 ലക്ഷം രൂപയുമാണ് ലക്ഷ്യം.

(ബി) 1996-97-ൽ 195.19 ലക്ഷം രൂപയും, 1997-98-ൽ 214.13 ലക്ഷം രൂപയും, 1998-99-ൽ 215.90 ലക്ഷം രൂപയും, 1999-2000-ൽ 31.5.1999 വരെ 3.33 ലക്ഷം രൂപയും പിരിച്ചെടുത്തു.

(സി) ബഡ്ജറ്റു ലക്ഷ്യം 1550 ലക്ഷം രൂപ ആയിരുന്നെങ്കിലും ആകെ മുതൽ 791.45 ലക്ഷം രൂപാ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിൽ പിരിച്ചെടുക്കാവുന്ന തുക 679.27 ലക്ഷം രൂപയായിരുന്നു. ടി. തുകയിൽ 31.5.1999 വരെ 629.15 ലക്ഷം രൂപാ പിരിച്ചെടുത്തിട്ടുണ്ട്.

4 ഹെക്ടറിനു മുകളിലുള്ള തോട്ടങ്ങൾക്ക് മാത്രമാണ് നിയമാനുസൃത നികുതി ചുമത്തപ്പെടുന്നത്. ഫെല്ലിംഗ് നടത്തി റീപ്ലാന്റ് ചെയ്യുമ്പോൾ തോട്ടനികുതി ഒഴിവാക്കപ്പെടുന്നു. തോട്ടവകകൾ ഭാഗിക്കുമ്പോൾ നികുതി ചുമത്താവുന്ന വിസ്തീർണ്ണത്തിൽ കുറവുവരികയും നികുതിയിൽ കുറവുണ്ടാകുകയും ചെയ്യുന്നുണ്ട്. ചില തോട്ടങ്ങൾ നിക്ഷിപ്തവനമായിത്തീർന്നതിനാലും തോട്ടനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

## ചെങ്ങഴശ്ശേരി വില്ലേജിലെ ഭൂനികുതി

**75 (2872)** ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ചെങ്ങഴശ്ശേരി (തൈക്കാട്) വില്ലേജിലെ കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ ഭൂനികുതി വരവ് ഓരോ മാസവും എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ബി) വില്ലേജിലെ 1999 മാർച്ച് 31-ലെ ഭൂനികുതി ഇനത്തിൽ മൊത്തം കുടിശ്ശിക എത്ര; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക തുക അടിയന്തിരമായി പിരിച്ചെടുക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) നഗരത്തിലെ ഭൂനികുതിയിൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; ഏത് തീയതി മുതൽ വർദ്ധനവ് വരുത്തി;

(ഇ) വർദ്ധന വരുത്തിയശേഷം തൈക്കാട് വില്ലേജിൽ വർദ്ധനവരുത്തിയതിന് ആനുപാതികമായി നികുതി വരുമാനത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ?

ഉത്തരം

(എ) തൈക്കാട് വില്ലേജിലെ കഴിഞ്ഞ അഞ്ചു വർഷത്തെ ഭൂനികുതി വരവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly